(സി) കേരളത്തിന്റെ മൊത്തം ജലവിഭവശേഷി കണക്കാക്കിയിട്ടുള്ള ഉദ്ദേശം 4333 MW-ൽ ഇപ്പോൾ നിലവിൽ 2076 MW ഉല്പാദനശേഷി കൈവരിച്ചിട്ടുണ്ട്. 185 MW-ന്റെ 11 പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. ബാക്കിയുള്ള 2072 MW ഇനിയും ഉപയോഗപ്പെടുത്താനാവുംവിധം ഉള്ളതാണ്. ഇതിൽ 1200 MW ശേഷി വരുന്ന വിവിധ പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കലും ഇൻവെസ്റ്റിഗേഷനും പുരോഗമിക്കുന്നു.

ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി

40 (3193) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജലവൈദ്യുത പദ്ധതികളിൽ നിന്നും പ്രതിവർഷം എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ സംസ്ഥാനത്തെ വിവിധ അണക്കെട്ടുകളിൽ എത്ര വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള ജലം സംഭരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ കാലയളവിൽ കഴിഞ്ഞ വർഷത്തെ സംഭരണവും ഉല്പാദനശേഷിയും വ്യക്തമാക്കാമോ?

ഉത്തരം

(എ) പീക്ക് സമയത്ത് പ്രതിദിനം ശരാശരി 1600 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നു. വിവിധ ജലവൈദ്യുത പദ്ധതികളിൽ നിന്നും 2014-15 വർഷത്തിൽ 7279.63 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചിട്ടുണ്ട്.

(ബി) 8-7-2015-ലെ കണക്കുപ്രകാരം 1686.72 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള ജലമാണ് സംഭരണികളിൽ നിലവിലുള്ളത്. കഴിഞ്ഞ വർഷം ഇത് 653.52 ദശലക്ഷം യൂണിറ്റായിരുന്നു.

വൈദ്യുതി പോസ്റ്റുകളിലൂടെ കേബിളുകൾ

41 (3194) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി ബോർഡിന്റെ വൈദ്യുതി പോസ്റ്റുകളിലൂടെ അനധികൃതമായി മറ്റ് സ്ഥാപനങ്ങളുടെ കേബിളുകൾ വലിക്കുന്നതുമൂലം ബോർഡിലെ ഫീൽഡ് ജീവനക്കാർക്ക് ജോലി ചെയ്യുന്നതിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly